# കൂട്ടുകാർ

അമ്മുപ്പൂമ്പാറ്റയും കുഞ്ഞനണ്ണാനും
കൂട്ടുകാരാണ്.
"എന്നും തേൻ കുടിക്കാൻ ഒരു
പൂന്തോട്ടമുണ്ടാക്കണം.” അമ്മുപ്പൂമ്പാറ്റ
പറഞ്ഞു.
"ശരി.” കുഞ്ഞനണ്ണാൻ സമ്മതിച്ചു.
"എന്നും പഴങ്ങൾ തിന്നാൻ ഒരു
പഴത്തോട്ടമുണ്ടാക്കണം.” കുഞ്ഞനണ്ണാൻ
പറഞ്ഞു.
"ശരി.” അമ്മുപ്പൂമ്പാറ്റ സമ്മതിച്ചു.
അവർ ചെടികൾ നട്ടു.
അവർ വിത്തുകൾ നട്ടു.
വെള്ളമൊഴിച്ചു.
വിത്തുകൾ മുളച്ചു.
ചെടികൾ വളർന്നു.
പൂക്കളുണ്ടായി.
കായകളുണ്ടായി.
പഴങ്ങളുണ്ടായി.
അമ്മുപ്പൂമ്പാറ്റ ആവോളം തേൻ കുടിച്ചു.
കുഞ്ഞനണ്ണാൻ ആവോളം പഴങ്ങൾ കഴിച്ചു.
കൂട്ടുകാർ കളിച്ചു രസിച്ചു.





ഗുരു - കുറ്റിപ്പുറംഉപജില്ല അധ്യാപകകൂട്ടായ്മ